(ഇ) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതുമൂലം ആകെ എന്തു തുക അധികച്ചെലവ് വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയ്ക്കും സമീപപഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിപുലീകരണ പദ്ധതിയുടെ ശേഷിക്കുന്ന ജോലികൾ. പാലക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ടാം ഘട്ടം, മഞ്ചേശ്വരം സിറ്റിയിലേക്കുള്ള പദ്ധതി.

(സി) 1009.17 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

(ഡി) 870.93 കോടി രൂപ

(ഇ) ഏകദേശം 23.31 കോടി രൂപ അധികചെലവ് പ്രതീക്ഷിക്കുന്നു.

ജലവിതരണ പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

81 (2180) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെമൺ ബ്രിട്ടോ റോഡ്രിഗ്സ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലപ്പഴക്കം കൊണ്ട് പൈപ്പുകൾ നിരന്തരമായി പൊട്ടുന്നു ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനും പൈപ്പുകൾ മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജലവിതരണ പദ്ധതികളിലാണ് ഇപ്പോൾ പണികൾ നടക്കുന്നത് ;

(സി) പുതുതായി സ്ഥാപിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമീണ മേഖലയിലെ ശുദ്ധജല വിതരണ പദ്ധതികൾ

82 (2181) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ മേഖലയിലെ ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണ മേഖലയിൽ എത്ര ശുദ്ധജല വിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തു ;

(സി) ഇപ്പോൾ എത്ര ഗ്രാമീണശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം നടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ വിപുലീകരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഇ) ഗ്രാമീണ മേഖലയിലെ പദ്ധതികളുടെ സ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കു വേണ്ടിയുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമീണ മേഖലയില സ്പാൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തി. ടെണ്ടറുകൾ വേഗം തീർപ്പാക്കുന്ന തിന് അതോറിറ്റി മേഖലാതലത്തിലും ഹെഡ്ഓഫീസ് തലത്തിലും ടെക്നിക്കൽ കമ്മിറ്റികളും ഗവൺമെന്റ് തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചു. പദ്ധതികൾ ടെണ്ടർ ചെയ്യുന്നതിന് ഇ-ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ജലനിധി മന്നാംഘട്ട പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ 112 പഞ്ചായത്തുകളിൽ 3696 ചെറിയകുടിവെള്ള പദ്ധതികളും 16 ബൃഹത്ത് കുടിവെള്ള പദ്ധതികളും ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 3694 ചെറിയ പദ്ധതികളും 14 വലിയ പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. പാണഞ്ചേരി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചവറ-പന്മന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1681 കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്തു.

(സി) 134 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ ശിപാർശയോടെ ലോകബാങ്കിന്റെ സഹായത്തോടെ ഉദ്ദേശം 200 പഞ്ചായത്തുകളിലായി ഏകദേശം 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ലോകബാങ്കുമായി ചർച്ചകൾ നടന്നുവരികയാണ്. ജലനിധിയുടെ രണ്ടാം ഘട്ടത്തിന്റെ ആദ്യ ബാച്ചായി 30 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഇ) 12-2-2009-ൽകൂടിയ എസ്.എൽ.എസ്.എസ്.സി. 497.14 ലക്ഷം രൂപയുടെ 6 മഴവെള്ള സംഭരണകുളങ്ങൾക്കും 22-6-2009-ൽ കൂടിയ എസ്.എൽ.എസ്.എസ്.സി. 123.10 ലക്ഷം രൂപയുടെ 8 സ്രോതസ്സുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

സുസ്ഥിരത്തിന് വേണ്ടിയുള്ള പ്രൊപ്പോസലുകൾക്കും അംഗീകാരം നൽകുകയുണ്ടായി പദ്ധതികളുടെ പണികൾ വിവിധ ഘട്ടങ്ങളിൽ നടന്നുവരികയാണ്.

വെള്ളയമ്പലം വാട്ടർവർക്സ് മുതൽ ബേക്കറി ജംഗ്ഷൻവരെ മലിനജലം ഒഴുക്കികളയുന്നതിനുള്ള ഓടയുടെ നിളം

83 (2182) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന്റെ വെള്ളയമ്പലം വാട്ടർ വർക്സ് മുതൽ ബേക്കറി ജംഗ്ഷൻ വരെ മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള ഓടയുടെ നിളം എത്ര മീറ്ററാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മലിനജലം ഒഴുകുന്ന ഓടയുടെ ഉപരിതലം കോൺക്രീറ്റ് ചെയ്ത് എത്ര മീറ്റർ സ്ഥലം നടപ്പാത നിർമ്മിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) മേൽപ്പറഞ്ഞ ഓടയുടെ ഉപരിതലം കോൺക്രീറ്റ് ചെയ്ത് നടപ്പാത പണിയുന്നതിന് എത്ര മീറ്റർ സ്ഥലം അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മലിനജലം ഒഴുകുന്ന ഓടയുടെ വശങ്ങളിൽ എത്ര മീറ്റർ സർക്കാർ ഭൂമി ലഭ്യമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാരിന്റെ കൈവശമുള്ള ഭൂമിയും ഓടയുടെ ഉപരിതലം കോൺക്രീറ്റ് ചെയ്ത് പൊതുജനങ്ങൾക്ക് നടപ്പാതയായി ഉപയോഗയോഗ്യമാക്കുവാൻ ജലവിഭവ വകുപ്പിന് ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) വെള്ളയമ്പലം വാട്ടർ വർക്സ് മുതൽ ബേക്കറി ജംഗ്ഷൻവരെ മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള ഓടയുടെ നിളം ഏകദേശം 1300 മീറ്ററാണ്.

(ബി) വാട്ടർ വർക്സ് കോമ്പൗണ്ട് കഴിഞ്ഞ ഏകദേശം 210 മീറ്ററോളം ഓടയുടെ ഉപരിതലം കോൺക്രീറ്റ് ചെയ്ത് റോഡായി ഉപയോഗിച്ചുവരുന്നു.

(സി) ഏകദേശം 790 മീറ്റർ ഓടയുടെ സ്ഥലം അവശേഷിക്കുന്നു.

(ഡി) മേൽപ്പറഞ്ഞ 790 മീറ്റർ ഓടയുടെ ഏകദേശം 80 മീറ്റർ ഒഴിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ ഒരു വശത്ത് 6 മീറ്ററോളം വീതിയിൽ ടാർ ചെയ്ത് റോഡ് ലഭ്യമാണ്.

(ഇ) മലിനജല നിർഗ്ഗമന ചാലുകൾ അടച്ച് നടപ്പാത നിർമ്മിക്കുന്നത് അഭികാമ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly